Malappuram District Police

## 15.10.2017 വണ്ടൂർ

എറിയാട് കൂരിയാടംപൊയിലിൽ സ്വകാര്യവ്യക്തിയുടെ കൃഷിയിടത്തിൽ എളങ്കൂർ കാരയിൽ വടക്കേങ്ങര അസ്കറലി(36)യെ മരിച്ചനിലയിൽ കണ്ടെത്തിയതു സംരക്ഷണവേലിയിൽ നിന്നു വൈദ്യുതാഘാതം ഏറ്റാണെന്നു സ്ഥിരീകരിച്ചു. ഇതേത്തുടർന്നു സ്ഥലമുടമ പാറപ്പുറവൻ ഷൗക്കത്തി(51)നെ അറസ്റ്റ് ചെയ്തു.

വെള്ളി ഉച്ചയോടെയാണു ഷൗക്കത്തിന്റെ ഉടമസ്ഥതയിലുള്ള കൃഷിയിടത്തിൽ അസ്കറലിയുടെ മൃതദേഹം കണ്ടെത്തിയത്. കൃഷി സ്ഥലത്തേക്കു മൃഗങ്ങൾ പ്രവേശിക്കാതിരിക്കുന്നതിനായി ചുറ്റും കെട്ടിയ കമ്പിയിലേക്കു വൈദ്യുതി പ്രവഹിപ്പിക്കാറുണ്ടെന്നു പരിശോധനയിൽ തെളിഞ്ഞതോടെയാണു സ്ഥലമുടമയെ അറസ്റ്റ് ചെയ്തത്. കേസിൽ അന്വേഷണം തുടരുന്നുണ്ട്.